ഫോറം നമ്പർ 7

ചട്ടം 18(1) കാണുക

11-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം

നമ്പർ: C-12-528/16 സ്ഥലം:- വൈറ്റില തീയതി:8/5/2018

കേരള സർക്കാർ 04-12-2015-ലെ സ.ഉ. (സാധാരണ) നമ്പർ 649/2015/റ.വ. വിജ്ഞാപന പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ വൈറ്റില എൽ.എ. എൻ.എച്ച്. നമ്പർ 3 സ്പെഷ്യൽ തഹസീൽദാരെ നിയമിച്ചിരിക്കുന്നതിനാലും

കൊച്ചി മെട്രോ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി കൊച്ചി മെട്രോ എൽ.എ. ഡെപ്യൂട്ടി കളക്ടറെ കേരളാ സർക്കാർ നിയമിച്ചിരിക്കുന്നതിനാലും

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത്, കൊച്ചി മെട്രോ റെയിൽ പ്രൊജക്ടിന്റെ ചമ്പക്കര പാലം വികസനത്തിനുവേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കുമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാലും

ഇപ്പോൾ തൻമൂലം അതുമായി ബന്ധപ്പെട്ട എല്ലാ പേർക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) എൻ.എച്ച്. നമ്പർ 3, വൈറ്റില മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു. ആയതിന്റെ പൂർണ്ണരൂപം എറണാകുളം ജില്ലാ കളക്ടറുടെ വെബ് സൈറ്റിൽ ലഭ്യമാണ്.

## <u>പട്ടിക</u>

ജില്ലാ - എറണാകുളം താലൂക്ക് - കണയന്നൂർ വില്ലേജ് - പൂണിത്തുറ

(ഏകദേശവിസ്തീർണ്ണം ചേർത്തിരിക്കുന്നു)

| ക്രമ നമ്പർ | സർവേ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടർ/ആർ/സ്ക്വ. മീറ്റർ | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥർ |
|---|---|---|---|---|---|---|
| 1 | 1253/4 | നിലം നാളത് പുരയിടം | 0.0010 | ചമ്പക്കര പാലം വികസനം | | ജോളി വിൽസൻ മുതൽപേർ |
| 2 | 1253/5 | നിലം നാളത് പുരയിടം | 0.0015 | | | പി.എക്സ്. ജോർജ് മുതൽപേർ |
| 3 | 1254/1 | പറമ്പ് | 0.0035 | | -- | പി.എക്സ്. ജോർജ് മുതൽപേർ |
| 4 | 1254/2 | നിലം നാളത് പുരയിടം | 0.0125 | | | ഫിലോമിന മുതൽപേർ,<br>ജോൺ വില്യം |
| 5 | 1255/1 | നിലം നാളത് പുരയിടം | 0.0280 | | | ആന്റണി വർഗീസ്,<br>എ.പി. ജോസഫ്.<br>ഡോ.വത്സൻ,<br>കൃഷ്ണദാസ്.<br>ആനി ജോയ് മുതൽപേർ |
| 6 | 1255/3 | നിലം നാളത് പുരയിടം | 0.0050 | | | ജെയിംസ് മാത്യു |
| 7 | 1255/4 | പറമ്പ് | 0`0010 | | | ജെയിംസ് മാത്യു |
| 8 | 1274/1 | നിലം നാളത് പുരയിടം | 0.0010 | | | രാജീവ് കാവനാൽ |
| 9 | 1274/2 | നിലം നാളത് പുരയിടം | 0.0040 | | | രാജീവ് കാവനാൽ,<br>രമണി ദാസൻ,<br>മേരി പത്രോസ്,<br>ചിന്നമ്മ രാജൻ |
| | ആകെ | | **0.0575** | | | |

### <u>സാമൂഹീക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്ത രൂപം</u>

കൊച്ചി മെട്രോ റെയിൽ പ്രൊജക്ടിനുവേണ്ടി ചമ്പക്കര പാലം വികസനവുമായി ബന്ധപ്പെട്ട പദ്ധതി പ്രദേശങ്ങളിൽ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം എസ്.ഐ.എ. യൂണിറ്റായ രാജഗിരി ഔട്ട് റീച്ച് വഴി നടത്തിയിരുന്നു. ടി പ്രൊജക്ടിനുവേണ്ടി 0.0575 ഹെക്ടർ സ്ഥലം പൊന്നുംവിലക്കെടുക്കേണ്ടതുണ്ട്. (സ്വകാര്യ ഭൂമി 0.0575

ഹെക്ടർ) 9 സർവേ നമ്പറുകളിലായി 50 കൈവശക്കാരെ ടി പ്രൊജക്ടിനുവേണ്ടിയുള്ള പൊന്നുംവില നടപടി ബാധിക്കുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെയും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയുടേയും പകർപ്പുകൾ ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ പകർപ്പുകൾ കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറി, എൽ.എ. (എൻ.എച്ച്. നമ്പർ 3) വൈറ്റില സ്പെഷ്യൽ തഹസീൽദാർ (0484-2303040), കൊച്ചി മെട്രോ (എൽ.എ.) ഡെപ്യൂട്ടി കളക്ടർ എന്നിവരുടെ ആഫീസിലും ബന്ധപ്പെട്ട വാർഡ് കൗൺസിലർമാരുടെ പക്കലും ലഭ്യമാണ്.

ജില്ലാകളക്ടർ എറണാകുളം